പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2580 07.10.2016-ലെ മറുപടിക്ക്

<u>വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയിലൂടെ ഗതാഗതം തിരിച്ചുവിടുന്നതിന് നടപടി</u>

<u>ചോദ്യം</u>

ശ്രീ. എസ്. ശർമ്മ

<u>ഉത്തരം</u>

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ ദ്വീപിലെ രാത്രികാല പൊതുഗതാഗതം ഉറപ്പുവരുത്തുന്നതിനായി എറണാകുളത്തു നിന്നും മലബാർ മേഖലയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്ന രാത്രികാല കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകളിൽ നിശ്ചിതയെണ്ണം വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയിലൂടെ തിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | രാത്രികാലങ്ങളിൽ മലബാർ മേഖലയിലേയ്ക്ക് പോകുന്ന ദീർഘദൂര സർവ്വീസുകൾ (വരാപ്പുഴ വഴി) വൈപ്പിൻ വഴി തിരിച്ച് വിട്ടാൽ യാത്രാദൂരം കൂടുകയും പ്രധാന ബസ് സ്റ്റേഷനായ വടക്കൻ പറവൂർ ഒഴിവാകുകയും അതു മുഖേന കെ.എസ്.ആർ.ടി.സിയുടെ വരുമാനം കുറയാനും സാദ്ധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ